പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.529 | 26/04/2017-ൽ മറുപടിക്ക്

## ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ആനക്കയത്ത് 7 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'ആനക്കയം' ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം അനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭി ക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) | ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (സിവിൽ) നിർമ്മാണ ജോലികൾക്കുള്ള ടെൻഡർ 30.12.2009-ൽ ക്ഷണിക്കുകയും, മുംബെ ആസ്ഥാനമായ M/s. Vakcha Engineering Limited എന്ന കമ്പനിക്ക് 17.01.2011-ൽ ഇതിന്റെ നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്കാവശ്യമായ 8 ഹെക്ടർ വനഭൂമി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത കമ്പനിയുമായി നിർമ്മാണത്തിനുള്ള എഗ്രിമെന്റ് വയ്ക്കുവാൻ സാധിച്ചിട്ടില്ല. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ്-1 അനുമതി 1990-ൽ ലഭ്യമായിരുന്നെങ്കിലും പുതുക്കിയ അനുമതി വേണമെന്ന വനംവകുപ്പിന്റെ നിർദ്ദേശ പ്രകാരം അപേക്ഷ സമർപ്പിക്കുകയും വ്യവസ്ഥകൾക്ക് വിധേയമായ സ്റ്റേജ്-1 അനുമതി 01.07.2013-ൽ ലഭിക്കുക യുമുണ്ടായി. 17.03.2014-ൽ സ്റ്റേജ്-II അനുമതിയും കർശന വ്യവസ്ഥകൾക്ക് വിധേയമായി ലഭിച്ചു. പാറപൊട്ടി ക്കുന്നതിനും ടണൽ നിർമ്മാണത്തിനും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല എന്ന കർശന വ്യവസ്ഥ |

(..2)

| | | | |
|---|---|---|---|
| | | | പാലിച്ചുകൊണ്ട് പണി ചെയ്യുകയെന്നത് ബുദ്ധിമുട്ടാണെന്നും ഈ വ്യവസ്ഥ ടെൻഡറിൽ പറയാത്തതുമാണെന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കമ്പനി അവരെ കരാറിൽ നിന്ന് ഒഴിവാക്കി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയും, ഇതിൻ പ്രകാരം 30.12.2014-ൽ പ്രസ്തുത കമ്പനിയെ കരാറിൽ നിന്ന് ഒഴിവാക്കുകയുമുണ്ടായി.<br><br>ഈ പദ്ധതിയ്ക്ക് ആവശ്യമായ വനഭൂമി കൈമാറുന്നതിനായി കെ.എസ്.ഇ.ബി. എൽ.വനം വകുപ്പിലേയ്ക്ക് 'Seignorate value' 17.03.2016-ൽ അടച്ചെങ്കിലും നാളിതുവരെ മരങ്ങൾ വെട്ടിമാറ്റി സ്ഥലം കൈമാറുന്നതിനുള്ള യാതൊരു നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. കൂടാതെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള പാറപൊട്ടിക്കൽ സംബന്ധിച്ചിട്ടുള്ള ഉപാധികൾ ലഘൂകരിക്കേണ്ടതായിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ